# പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിദേശ പര്യടനം അവസാന ഘട്ടത്തിൽ ; നമീബിയയിൽ എത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം.
2. സംസ്ഥാനത്തെ എഞ്ചിനീയറിങ്, ഫാർമസി പ്രവേശനത്തിനുള്ള കീം പരീക്ഷാ ഫലം റദ്ദാക്കി ഹൈക്കോടതി.
3. പ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവം ഇന്ന്. മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം നിർവഹിക്കും.
4. പ്രതിപക്ഷ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടരുന്നു.
5. കയർ കോർപ്പറേഷന്റെ തിരുവനന്തപുരം ലുലു മാളിലെ ഷോറൂം വ്യവസായ മന്ത്രി പി രാജീവ് നാളെ ഉദ്ഘാടനം ചെയ്യും.

RNUTVPM

**6. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

&&&&&&&&&&&&&&&&&&

**പ്രധാനമന്ത്രി- നമീബിയ**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഞ്ച് രാഷ്ട്രങ്ങളിലെ സന്ദർശനം അവസാന ഘട്ടത്തിൽ. ഇന്ന് നമീബിയയിലെ വിൻഡ്ഹോക്കിൽ എത്തിയ പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം നൽകി. പ്രധാനമന്ത്രിയുടെ സന്ദർശന വേളയിൽ, ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം ശക്തമാക്കുന്നത് ലക്ഷ്യമിട്ട് പ്രതിനിധി തല ചർച്ചകൾ നടക്കും. നമീബിയ പാർലമെൻറിനെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&&

**കയർ ഷോറൂം - മന്ത്രി പി രാജീവ്**

പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന കയർ കോർപ്പറേഷൻ തിരുവനന്തപുരം ലുലു മാളിൽ അത്യാധുനിക മാട്രസ്സ് എക്സ്പീരിയൻസ് ഷോറൂം ആരംഭിക്കുന്നു. ഉദ്ഘാടനം വ്യവസായ മന്ത്രി പി രാജീവ് നാളെ വൈകുന്നേരം നിർവഹിക്കും.

കേരളത്തിൻറെ തനത് കയർ ഉൽപ്പന്നങ്ങൾ, മെത്തകൾ എന്നിവയുടെ പ്രദർശനവും വിപണനവും ഇവിടെയുണ്ടാകും.

&&&&&&&&&&&&&&&&&&&

**നിപ-കേരളം**

നിപ വ്യാപനത്തിനെതിരെ ജാഗ്രത തുടർന്ന് സംസ്ഥാനം. നിപ സ്ഥിരീകരിച്ച പാലക്കാട് സ്വദേശിനി കോഴിക്കോട് ഐസിയുവിൽ ചികിത്സയിലാണ്. നിലവിൽ 485 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്. മലപ്പുറം ജില്ലയിൽ 192 പേരും കോഴിക്കോട് 114 പേരും പാലക്കാട് 176 പേരും എറണാകുളത്ത് 2 പേരും, കണ്ണൂരിൽ ഒരാളുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്.

RNU TVPM

&&&&&&&&&&&&&&&&&&&

**ദേശീയ പണിമുടക്ക്**

വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രതിപക്ഷ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടരുന്നു. ലേബർ കോഡുകൾ പിൻവലിക്കുക, വിലക്കയറ്റം തടയുക, പൊതുമേഖലാ ഓഹരി വിൽപ്പന അവസാനിപ്പിക്കുക

തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. അതേസമയം, പണിമുടക്ക് രാഷ്ട്രീയ പ്രേരിതമാണെന്ന നിലപാട് ഉയർത്തി, ബിഎംഎസ് അനുകൂല തൊഴിലാളി സംഘടനകൾ പണിമുടക്കിൽ നിന്ന് വിട്ടു നിൽക്കുകയാണ്. ദേശീയ പണിമുടക്കിൻറെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ ഡയസ്നോൺ പ്രഖ്യാപിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**പണിമുടക്ക് സംസ്ഥാനം**

RNU TVPM

പണിമുടക്ക് ദിനം സംസ്ഥാനത്ത് ചിലയിടങ്ങളിൽ സമരാനുകൂലികൾ വാഹനങ്ങൾ തടഞ്ഞു. തമിഴ്നാട് ഭാഗത്തു നിന്നും തിരുവനന്തപുരത്തേക്ക് എത്തിയ വാഹനങ്ങൾ തടഞ്ഞതോടെ ചില വാഹനങ്ങൾ തമിഴ്നാട്ടിലേക്ക് തിരിച്ചു വിട്ടു. അതേ സമയം തമിഴ്നാടിൻറെ തിരുവനന്തപുരം നാഗർകോവിൽ ബസുകൾ സർവീസ് നടത്തുന്നുണ്ട്. സ്വകാര്യ വാഹങ്ങൾക്കും തടസമില്ല. കൊല്ലം KSRTC ഡിപ്പോയിൽ നിന്ന് സർവ്വീസിന് തയ്യാറായ ബസുകളും സമരാനുകൂലികൾ തടഞ്ഞു. വയനാട് കൽപ്പറ്റയിൽ തിരുവനന്തപുരത്ത് നിന്ന് എത്തിയ ദീർഘദൂര കെഎസ്ആർടിസി ബസുകൾ

സമരക്കാർ തടഞ്ഞു. കോഴിക്കോട് KSRTC സ്റ്റാൻ്ററിലും റയിൽവേ സ്റ്റേഷനിലും എത്തിയ യാത്രക്കാർ വാഹനങ്ങൾ ലഭിക്കാതെ ബുദ്ധിമുട്ടിലായി. ചിലയിടങ്ങളിൽ കടകളും അടപ്പിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

**ചമ്പക്കുളം ജലോത്സവം-ഇൻട്രോ**

പ്രസിദ്ധമായ ചമ്പക്കുളം മൂലം ജലോത്സവം ഇന്ന്. രാജപ്രമുഖൻ ട്രോഫിക്ക് വേണ്ടിയുള്ള മൂലം ജലോത്സവം, കേരളത്തിലെ വള്ളംകളി കാലത്തിൻറെ തുടക്കം കൂടിയാണ്. ഉച്ചയ്ക്ക് രണ്ടുമണിക്ക് ശേഷം ആരംഭിക്കുന്ന മത്സരം മന്ത്രി പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഇന്നത്തെ പണിമുടക്കിൽ നിന്നും ചമ്പക്കുളം വള്ളംകളിയെ ഒഴിവാക്കിയിരുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ..........

(വോയിസ്)

&&&&&&&&&&&&&&&&&&

**അമിത് ഷാ**

RNUTVPM

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. ഈ മാസം 12 ന് ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം ഉദ്ഘാടനം ചെയ്യുന്ന ശ്രീ ഷാ പുത്തരിക്കണ്ടം മൈതാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യും. ബിജെപി സംസ്ഥാന നേതൃയോഗത്തിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

PNU TVPM

## സി ടി സി ആർ ഐ -ഗവർണർ

തിരുവനന്തപുരം ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന ഐ സി എ ആർ - കേന്ദ്ര കിഴങ്ങുവർഗ വിള ഗവേഷണ കേന്ദ്രത്തിൻറെ 62-ാാം സ്ഥാപക ദിനാഘോഷം ഈ മാസം 11 ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. ജീവനക്കാരെയും കർഷകരെയും ആദരിക്കൽ, സാങ്കേതികവിദ്യകളുടെയും പ്രസിദ്ധീകരണങ്ങളുടെയും പ്രകാശനം തുടങ്ങിയവ ഗവർണർ നിർവഹിക്കും.

&&&&&&&&&&&&&&&&&&

## കീം പരീക്ഷാ ഫലം

സംസ്ഥാനത്തെ എഞ്ചിനീയറിങ്, ഫാർമസി പ്രവേശനത്തിനുള്ള കീം പരീക്ഷാ ഫലം റദ്ദാക്കി ഹൈക്കോടതി. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. ജസ്റ്റിസ് ഡി കെ സിങ്ങിൻറേതാണ് ഉത്തരവ്. നടപടിയിൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകുമെന്ന് സംസ്ഥാന സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ജാനകി - ഹൈക്കോടതി

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയ്ക്ക് രണ്ട് മാറ്റങ്ങളോടെ പ്രദർശനാനുമതി നൽകാമെന്ന് ഹൈക്കോടതിയെ അറിയിച്ച് സെൻസർ ബോർഡ്. 'ജാനകി'എന്നതിന് പകരം ജാനകി.വി അല്ലെങ്കിൽ വി.ജാനകി എന്നു മാറ്റണമെന്നാണ് ബോർഡിൻറെ ആവശ്യം. കേസിൽ ഉച്ചക്ക് 1.45ന് വാദം പുനരാരംഭിക്കും.

&&&&&&&&&&&&&&&&&&

## എസ്എഫ് ഐ

RIJU TVPM

കേരള സർവ്വകലാശാലയിലേക്ക് നടത്തിയ പ്രതിഷേധത്തിനിടെയുണ്ടായ സംഘർഷത്തിൽ SFI പ്രവർത്തകർക്കെതിരെ പൊലീസ് കേസെടുത്തു. സംസ്ഥാന സെക്രട്ടറി ഉൾപ്പെടെ 27 പ്രവർത്തകർക്കും കണ്ടാലറിയാവുന്ന ആയിരം പ്രവർത്തകർക്കും എതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് കേസ് എടുത്തത്. തിരുവനന്തപുരം സിറ്റി പൊലീസ് കമ്മീഷണറുടെ നിർദേശ പ്രകാരമാണ് നടപടി.

&&&&&&&&&&&&&&&&&&

**പാസ്പോർട്ട്**

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസ് മൊബൈൽ പാസ്പോർട്ട് സേവാ വാനുകൾ വിന്യസിക്കുന്നു. മറ്റന്നാൾ തിരുവനന്തപുരം കളക്ടറേറ്റ് പരിസരത്ത് ജില്ലാ കളക്ടർ അനുകുമാരിയും റീജിയണൽ പാസ്പോർട്ട് ഓഫീസർ ജീവ മരിയ ജോയും ചേർന്ന് ഉദ്ഘാടനം നിർവ്വഹിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അപേക്ഷകർക്ക് സേവനം ലഭ്യമാകും.

&&&&&&&&&&&&&&&&&&

**കോഴിക്കോട് ടൂറിസം ( ഇൻട്രോ )**

RNU TVPM

കോഴിക്കോട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഓഗ്മെൻറഡ് റിയാലിറ്റി ഇൻററാക്ടീവ് തീമാറ്റിക് ടൂറിസം മാപ്പ് തയ്യാറായി. സാങ്കേതികവിദ്യയിലൂടെ വിനോദയാത്രകൾ ലളിതവും സുഗമവും സ്മാർട്ടുമാക്കുകയാണ് ലക്ഷ്യം.

***ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.... ( വോയിസ്....)***

&&&&&&&&&&&&&&&&&&

**വനിതാ ട്വൻറി- 20**

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2–1ന് മുന്നിലാണ്. പരമ്പരയിലെ അവസാന മത്സരം ഈ മാസം 12 ന് ബർമിങ്ഹാമിൽ നടക്കും. അതേസമയം, ഇന്ത്യ- ഇംഗ്ലണ്ട് പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് നാളെ വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും.

&&&&&&&&&&&&&&&&&&

RNU TVPM

**മഴ**

സംസ്ഥാനത്ത് ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

**കാട്ടാന-ഇൻട്രോ**

ഇടുക്കി ജില്ലയിൽ തൊടുപുഴയ്ക്ക് സമീപം ഈസ്റ്റ് കലൂരിൽ ജനവാസ മേഖലകളിൽ കാട്ടാനയിറങ്ങി. കൃഷിയിടങ്ങളിലും വീടുകൾക്ക് സമീപവും കാട്ടാനകളെത്തി. പോലീസിൻറെയും വനംവകുപ്പിൻറെയും നേതൃത്വത്തിൽ ആനകളെ തുരത്താനുള്ള ശ്രമം തുടരുകയാണ്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.............***

***(വോയിസ്)***

&&&&&&&&&&&&&&&&&&

RNUTVPM

**ഓഹരി + സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 49 പോയിൻറ് നേട്ടത്തിൽ 83,726 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 20 പോയിൻറ് ഉയർന്ന് 25,542 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണ വില കുറഞ്ഞു. പവന് 480 രൂപ കുറഞ്ഞ് 72,000 രൂപയും ഗ്രാമിന് 9,000 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**കബറടക്കം**

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേമിൻറെ കബറടക്കം നാളെ ഉച്ചയ്ക്ക് തൃശൂർ മാർത്ത മറിയം വലിയ പള്ളിയങ്കണത്തിലെ കുരുവിളയച്ചൻ പള്ളിയിൽ നടത്തും. വലിയ പള്ളിയിൽ പൊതുദർശനം തുടരുകയാണ്.

&&&&&&&&&&&&&&&&&&

**ചാരുപാറ രവി നിര്യാണം**

മുതിർന്ന സോഷ്യലിസ്റ്റ് നേതാവും ആർ ജെ ഡി സംസ്ഥാന വൈസ് പ്രസിഡൻറുമായ ചാരുപാറ

RNU TVPM

രവിയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. വിയോഗം പുരോഗമന പ്രസ്ഥാനങ്ങൾക്ക് വലിയ നഷ്ടമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്കാരം ഇന്ന് ഉച്ച തിരിഞ്ഞ് വീട്ടുവളപ്പിൽ നടക്കും.

&&&&&&&&&&&&&&&&&&

**അഗ്നിവീർ**

ഇന്ത്യൻ വ്യോമസേനയുടെ അഗ്നിവീർ വായുസേനയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. വെള്ളിയാഴ്ച രാവിലെ 11 മുതൽ ഈ മാസം 31 രാത്രി 11 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും agnipathvayu.cdac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

PNU TVPM

&&&&&&&&&&&&&&&&&&

**അരിവാൾ രോഗം**

അരിവാൾ കോശ രോഗ പ്രതിരോധം, ബോധവൽക്കരണം ലക്ഷ്യമിട്ട് കാസർഗോഡ് ജില്ലയിൽ അരിവാൾ കോശ രോഗ നിർണയ പരിശോധന ആരംഭിച്ചു. "അറിയാം അകറ്റാം

അരിവാൾ കോശരോഗം" ക്യാമ്പയിൻറെ ഭാഗമായാണ് പരിശോധന. പട്ടിക വർഗ വികസന വകുപ്പ്, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNUTVPM